(എഫ്) നിലവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുക പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇവയെല്ലാം പൂർത്തിയാകുന്നതോടെ ലോഡ്ഷെഡിംഗ് പൂർണ്ണമായും പിൻവലിക്കാൻ കഴിയും.

60 (226) വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ജനുവരി മാസത്തിലെ വിലയനുസരിച്ച് സംസ്ഥാനത്തുള്ള ഓരോ ജല വൈദ്യുതപദ്ധതികളുടെയും താപവൈദ്യുത നിലയത്തിന്റെയും സ്ഥാപിതശേഷി എത്ര യൂണിറ്റു വീതമായിരുന്നു;

(ബി) 1998 ജനുവരി മാസം 1-ാം തീയതി മുതൽ ഇതുവരെ വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഓരോ ജലവൈദ്യുത പദ്ധതികളിൽ നിന്നും താപ വൈദ്യുതി നിലയത്തിൽ നിന്നും ഓരോ മാസവും ഉൽപ്പാദിപ്പിച്ച വൈദ്യുതി എത്ര യൂണിറ്റു വീതമാണ്;

(സി) പ്രസ്തുത കാലം മുതൽ ഓരോ മാസവും കേന്ദ്ര വിഹിതമായി കിട്ടേണ്ടിയിരുന്ന വൈദ്യുതി എത്ര യൂണിറ്റു വീതമാണ്;

(ഡി) അതിൽ ഓരോ മാസവും എത്ര യൂണിറ്റ് വീതം സംസ്ഥാനത്തിന്റെ ആവശ്യത്തിനായി വാങ്ങിയെന്ന് അറിയിക്കുമോ;

(ഇ) കേന്ദ്രവിഹിതമായി കിട്ടുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് എന്തു വിലവീതം നൽകണം;

(എഫ്) 1998 ജനുവരി മുതൽ ഇതുവരെ സ്വകാര്യ വൈദ്യുതി ഉൽപ്പാദകരിൽ നിന്നും ഓരോ മാസവും എത്ര യൂണിറ്റ് വൈദ്യുതി വീതം വാങ്ങിയിട്ടുണ്ട്;

(ജി) സ്വകാര്യ വൈദ്യുതി ഉൽപ്പാദകരിൽ നിന്നും വാങ്ങുന്ന വൈദ്യുതി യൂണിറ്റ് ഒന്നിന് എന്തുവില വീതം നൽകണം;

(എച്ച്) സ്വകാര്യ ഉൽപ്പാദകരിൽനിന്നും വൈദ്യുതി വാങ്ങിയതിന്റെ ഫലമായി 1998 ജനുവരി മാസം മുതൽ ഇതുവരെ കേന്ദ്രവിഹിതമായി കിട്ടേണ്ടിയിരുന്ന വൈദ്യുതിയിൽ ഓരോ മാസവും എത്ര യൂണിറ്റ് വീതം കുറച്ചു വാങ്ങേണ്ടതായി വന്നു;

(ഐ) സ്വകാര്യ ഉൽപ്പാദകരിൽ നിന്നും വൈദ്യുതി വാങ്ങിയതിന്റെ ഫലമായി 1998 ജനുവരി മുതൽ ഇതുവരെ ഓരോ മാസവും സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ജല വൈദ്യുതി പദ്ധതികളിൽ നിന്നും താപ വൈദ്യുതി നിലയത്തിൽ നിന്നും ഉള്ള ഉൽപ്പാദനം എത്ര യൂണിറ്റ് കണ്ടു കുറയ്ക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശം താഴെ കൊടുക്കുന്നു.

ജലവൈദ്യുത പദ്ധതി		സ്ഥാപിതശേഷി
1.	കുറ്റ്യാടി	75 മെഗാവാട്ട്

884/2010.

LIBRARY ARCHIVES Kerala Legislative Assembly

2.	പെരിങ്ങൽകുത്ത്	32 മെഗാവാട്ട്
3.	വാളയാർ	54 മെഗാവാട്ട്
4.	ഇടമലയാർ	33 മെഗാവാട്ട്
5.	പള്ളിവാസൽ	27.5 മെഗാവാട്ട്
6.	ചെങ്കുളം	48 മെഗാവാട്ട്
7.	പന്നിയാർ	60 മെഗാവാട്ട്
8.	നേര്യമംഗലം	45 മെഗാവാട്ട്
9.	ലോവർ പെരിയാർ	180 മെഗാവാട്ട്
10.	ഇടുക്കി	780 മെഗാവാട്ട്
11.	ശബരിഗിരി	300 മെഗാവാട്ട്
12.	കല്ലട	15 മെഗാവാട്ട്
13.	പേപ്പാറ	3 മെഗാവാട്ട്
14.	മാട്ടുപ്പെട്ടി	2 മെഗാവാട്ട്
15.	മണിയാർ	12 മെഗാവാട്ട്
	ആകെ	**1688.5 മെഗാവാട്ട്**

	താപ വൈദ്യുതി	സ്ഥാപിതശേഷി
1.	ബ്രഹ്മപുരം ഡീസൽ	85.28 മെഗാവാട്ട്

(ബി)(സി)&(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഇ) കേന്ദ്രവിഹിതമായി കിട്ടുന്ന വൈദ്യുതിക്ക് 10/99-ലെ ബിൽപ്രകാരം യൂണിറ്റൊന്നിന് കൊടുക്കേണ്ട തുക താഴെ കൊടുക്കുന്നു.

എൻ.റ്റി.പി.സി.(രാമഗുണ്ടം)-116.64 പൈസ

എൽ.പി.സി. - 195.86 പൈസ

നെയ് വേലി സ്റ്റേറ്റ്-1-103.62 പൈസ

" സ്റ്റേറ്റ്-11-154.21 പൈസ

(എഫ്) വിശദവിവരം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

(ജി) സ്വകാര്യ വൈദ്യുതി ഉൽപ്പാദകരിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ ബോർഡ് ഇപ്പോൾ വൈദ്യുതി വാങ്ങുന്നില്ല.

(എച്ച്) സാങ്കേതികപരമായ കാരണങ്ങളാണ് കേന്ദ്രവിഹിതമായി കിട്ടുന്ന വൈദ്യുതി എടുക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത്. 1998 ജനുവരി മുതൽ കേന്ദ്ര വിഹിതം കഴിവതും പൂർണ്ണമായ തോതിൽതന്നെ ഉപയോഗിച്ചിട്ടുണ്ടെന്ന് അനുബന്ധമായി കൊടുത്തിട്ടുള്ള പട്ടികയിൽ നിന്നും കാണാവുന്നതാണ്.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പ്രസക്തമല്ല.

61 (227) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതി

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ജല വൈദ്യുതപദ്ധതികൾ, താപ വൈദ്യുത പദ്ധതികൾ എന്നിവയുടെ സ്ഥാപിതശേഷി എത്രയാണ്;

(ബി) ഇവയിൽ നിന്ന് എത്രമാത്രം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(സി) സംസ്ഥാനത്ത് വൈദ്യുതിയുടെ ആവശ്യം ഇപ്പോഴെത്രയാണ്;

(ഡി) കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ഇപ്പോൾ എത്ര വൈദ്യുതി ലഭിക്കുന്നുണ്ട്;

(ഇ) വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനം സ്വയംപര്യാപ്ത മാണോ; എങ്കിൽ കേന്ദ്രത്തിൽനിന്ന് വൈദ്യുതി വാങ്ങുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്താണ്;

(എഫ്) കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് എന്തു വില നൽകണം;

(ജി) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന താപനിലയങ്ങളിലെ വൈദ്യുതിക്കും ജലവൈദ്യുതി നിലയങ്ങളിലെ വൈദ്യുതിക്കും യഥാക്രമം ഒരു യൂണിറ്റിന്റെ ഉൽപാദനചെലവ് എത്രയാണ്;

(എച്ച്) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന താപനിലയ വൈദ്യുതിയും ജലവൈദ്യുതിയും ജനറേഷനും ട്രാൻസ്മിഷനുംകൂടി യൂണിറ്റൊന്നിന് എന്തു ചെലവുവരുമെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി 1754.5 മെഗാവാട്ടും താപ വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി 625.10 മെഗാവാട്ടും ആണ്.

(ബി) 1.4.1999 മുതൽ 30.11.1999 വരെ ജലവൈദ്യുതി പദ്ധതികളിൽ നിന്ന് 4825.5818 ദശലക്ഷം യൂണിറ്റും താപ വൈദ്യുത പദ്ധതികളിൽ നിന്നും 915.9066 ദശലക്ഷം യൂണിറ്റും ഉൽപാദിപ്പിച്ചു.

(സി) സംസ്ഥാനത്ത് ഇപ്പോൾ പ്രതിദിനം ശരാശരി 33.3 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ട്.

(ഡി) കേന്ദ്രത്തിൽനിന്നും പ്രതിദിനം ശരാശരി 9 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ട്.

(ഇ) കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതി ഉൾപ്പെടെ വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനം സ്വയംപര്യാപ്തമായി വരുന്നു.

(എഫ്) കേന്ദ്ര വൈദ്യുതിയുടെ യൂണിറ്റ് വില 10/99-ലെ ബിൽ അനുസരിച്ച് രാമഗുണ്ടം-116.64 പൈസയും, എൽ.പി.സി. 185.86 പൈസയും നെയ്

LIBRARY ARCHIVES Kerala Legislative Assembly